93 (385) കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മേയ്-ജൂൺ മാസങ്ങളിലെ പേമാരിയിൽ നെൽക്കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തിരുവാണിയൂർ, പൂതൃക്ക, വാഴക്കുളം, മഴുവന്നൂർ, കിഴക്കമ്പലം,കുന്നത്തുനാട്, വടവുകോട്-പുത്തൻ കുരിശ് പഞ്ചായത്തുകളിൽ കൃഷിനാശം സംഭവിച്ച കൃഷിക്കാരുടെ അപേക്ഷകൾ സ്വീകരിച്ച് വേണ്ട സഹായം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം മേയ്-ജൂൺ മാസങ്ങളിലുണ്ടായ പേമാരിയിൽ നെൽക്കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് നിയോജകമണ്ഡലം ഉൾപ്പെടെ എല്ലാ കൃഷിഭവനുകളിലും കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ സ്വീകരിച്ച്, യഥാവിധി പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതാണ്.

94 (386) ചെറുകിട കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി

ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കർഷകർക്കുവേണ്ടി പുതിയ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം നൽകുമോ;

(സി) എത്ര കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും;

(ഡി) ഈ പദ്ധതി മുഖേന കർഷകർക്ക് ഉണ്ടാകുന്ന പ്രയോജനം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18 നും 70 നും മദ്ധ്യേ പ്രായമുള്ളവരും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരുമായ ചെറുകിട നാമമാത്ര കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(സി) 10 ലക്ഷം കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയിൽ അംഗമാകുന്നവർ താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹരാണ്.

എല്ലാവിധ അപകട മരണവും	:	ഒരു ലക്ഷം രൂപ
പൂർണ്ണമായ അംഗവൈകല്യം	:	ഒരു ലക്ഷം രൂപ
രണ്ടു കാലുകൾ, കൈകൾ, കണ്ണുകൾ	:	ഒരു ലക്ഷം രൂപ
ഒരു കൈ/കാൽ/കണ്ണ് നഷ്ടം	:	50,000 രൂപ
അപകടങ്ങളിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	:	5,000 രൂപ വീതം
അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം	:	5,000 രൂപ വീതം
അപകടത്തിൽ മരണപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം	:	1,000 രൂപ
മരണപ്പെട്ട അംഗത്തിന്റെ ശവസംസ്കാര ചടങ്ങിന് ധനസഹായം	:	1,000 രൂപ
ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷാ ചെലവിന് ധനസഹായം	:	5,000 രൂപ

***95 (387) സസ്യങ്ങളിൽ കണ്ടുവരുന്ന കീടബാധ**

ശ്രീ. എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സസ്യങ്ങളിൽ കണ്ടുവരുന്ന കീടരോഗബാധ ഫലപ്രദമായി നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) സസ്യങ്ങളെ കീടങ്ങളിൽ നിന്നും രക്ഷിക്കാൻ എതിർ പ്രാണികളെ ഉപയോഗപ്പെടുത്തുന്നത് പ്രയോജനപ്രദമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) മുഞ്ഞ, കുഴൽപ്പുഴു എന്നിവയുടെ ആക്രമണത്തിൽ നിന്നും നെല്ലിനെ രക്ഷിക്കാൻ എന്തെങ്കിലും പ്രവർത്തനം നടന്നുവരുന്നുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കീടരോഗബാധ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ പഞ്ചായത്തിലെ കൃഷിഭവനിൽ വിവരമറിയിച്ചാൽ കൃഷി ഓഫീസർ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly